പാഠം 7

# ന്യായപ്രമാണവും കൃപയും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: യെഹെ. 28:15,16; ആവ. 4:44; റോമർ 3:20; ആവ. 10:1–15; 5:6–22; 9:1–6.**

**മനഃപാഠവാക്യം: "ഞാൻ ദൈവത്തിന്റെ കൃപ വ്യർഥമാക്കുന്നില്ല ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലോ" (ഗലാ. 2:21).**

മറ്റുള്ള അധികം സഭാസംഘടനകളിലെയും ക്രിസ്ത്യാനികൾ ന്യായപ്രമാണത്തെയും കൃപയെയും സംബന്ധിച്ചു സംസാരിക്കുകയും രണ്ടും തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കുകയും ചെയ്യുന്നു. കല്പന ദൈവനീതിയുടെയും വിശുദ്ധിയുടെയും മാനദണ്ഡും അതിന്റെ ലംഘനം പാപവുമാണ്. "പാപം ചെയ്യുന്നവൻ എല്ലാം അധർമവും ചെയ്യുന്നു; പാപം അധർമം തന്നെ" (1 യോഹ. 3:4). നാമെല്ലാവരും ആ കല്പന ലംഘിച്ചിട്ടുള്ളതുകൊണ്ട് – "തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻ കീഴടച്ചുകളഞ്ഞു" (ഗലാ. 3:22) – നമ്മെ രക്ഷിക്കുവാൻ കഴിയുന്നത് അവന്റെ കൃപയ്ക്കു മാത്രമാണ്. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു" (എഫെ. 2:8).

(തീർച്ചയായും കല്പനയുടെ ഭാഗമെന്നവിധം ഏഴാംദിന ശബ്ബത്തിന്റെ ഒരു "ചെറിയ വിശദീകരണം" ഇവിടെയുണ്ട്. കുറഞ്ഞത് ഇപ്പോഴെങ്കിലും അനേക ക്രിസ്ത്യാനികളും ഏഴാംദിന ശബ്ബത്ത് തിരസ്കരിക്കുകയും അവരുടെ തിരസ്കരണത്തെ ന്യായീകരിക്കുന്നതിന് എല്ലാവിധ മുടന്തൻ ന്യായങ്ങളുമായി മുന്നോട്ടുവരുകയും ചെയ്യുന്നു. എന്നാൽ ഇതെല്ലാം മറ്റൊരു വിഷയമാണ്).

വിവിധ വഴികളിലും വിവിധ സംഭവനിരകളിലുംകൂടെ പ്രകടമാക്കിയാൽപോലും തീർച്ചയായും കല്പനയുടെയും കൃപയുടെയും വിഷയം ആവർത്തനപുസ്തകത്തിലുൾപ്പെടെ ബൈബിളിലുടനീളം കാണപ്പെടുന്നു. കല്പനയും കൃപയും തമ്മിലുള്ള ബന്ധത്തെ അതേ ആവർത്തനപുസ്തകവും പ്രദാനം ചെയ്യുന്നു. എന്നാൽ അതൊരു അതുല്യമായ വിധത്തിലാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 13 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ന്യായപ്രമാണവും സ്വർഗ്ഗവും

ദൈവം സ്നേഹത്തിന്റെ ഒരു ദൈവവും സ്നേഹം അവന്റെ സ്വഭാവത്തിന്റെ എല്ലാറ്റിനുമുപരിയായ തത്വവും അവന്റെ ഭരണകൂടത്തിന്റെ അടിസ്ഥാനവുമാണ്. തിരിച്ച് നാം ദൈവത്തെ സ്നേഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതുകൊണ്ട്, നമ്മെ അവൻ സ്നേഹത്തിലന്തർലീനമായ സ്വാതന്ത്ര്യമെന്ന സാന്മാർഗ്ഗിയസ്വാതന്ത്ര്യത്തോടുകൂടിയ സാന്മാർഗ്ഗിയജീവികളായി സൃഷ്ടിച്ചിരിക്കുന്നു. സാന്മാർഗ്ഗിന്യായപ്രമാണമാണ് സാന്മാർഗ്ഗിയസ്വാതന്ത്ര്യത്തിന്റെ കേന്ദ്ര ആശയം. അണുവിലടങ്ങിയ അംശങ്ങൾ, സമുദ്രതിരമാലകൾ, കംഗാരുകൾ എന്നിവ ഒരളവുവരെ പ്രകൃതിനിയമങ്ങൾ പാലിക്കുന്നുണ്ടെങ്കിലും അവ സാന്മാർഗ്ഗിയനിയമം പാലിക്കുന്നില്ല, ആവശ്യവുമില്ല. അതാവശ്യമായിരിക്കുന്നത് സാന്മാർഗ്ഗിയജീവികൾക്കുമാത്രമാണ്. അതുകൊണ്ടുതന്നെയാണ് സ്വർഗ്ഗത്തിൽപോലും ദൂതന്മാർക്കുവേണ്ടി ദൈവമൊരു സാന്മാർഗ്ഗിയ നിയമം കൊടുത്തിരിക്കുന്നത്.

**വായിക്കുക: യെഹെ. 28:15,16. ഈ ഭാഗം സ്വർഗ്ഗത്തിൽനിന്നുമുള്ള ലൂസിഫറിന്റെ വീഴ്ചയെക്കുറിച്ചു പറയുന്നു. നിങ്കൽ "നീതികേട്" കണ്ടു, നീ "പാപം" ചെയ്തു. ഈ വാക്കുകളുടെ ഉപയോഗം, സ്വർഗ്ഗത്തിന്റെ പശ്ചാത്തലത്തിൽ, സ്വർഗ്ഗത്തിലെ ന്യായപ്രമാണത്തിന്റെ അസ്തിത്വത്തെക്കുറിച്ച് എന്തു വെളിപ്പെടുത്തുന്നു?**

"നീതികേട്", "പാപം" എന്നീ വാക്കുകൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് മനുഷ്യരുടെയിടയിലാണ്. എന്നാൽ തിരുവെഴുത്തുകൾ ഉപയോഗിച്ചിരിക്കുന്നത് സൃഷ്ടിപ്പിനെക്കുറിച്ചുതന്നെ. മറ്റൊരു ഭാഗത്ത്, സ്വർഗ്ഗത്തിൽ എന്തു സംഭവിച്ചു എന്നുള്ളതിനാണ്. ഇത് സ്വർഗ്ഗത്തിലും ഭൂമിയിലും നിലവിലിരിക്കുന്നതിനെക്കുറിച്ച് എന്തോ ഒന്നു പറയണം.

**"ആകയാൽ നാം എന്തു പറയേണ്ടു?... ഞാൻ മോഹത്തെ അറികയില്ലായിരുന്നു" റോമർ 7:7. കുറഞ്ഞത് തത്വത്തിലെങ്കിലും സാന്മാർഗ്ഗിയജീവികൾ – മാലാഖമാർ നിലവിലുള്ള സ്വർഗ്ഗത്തിൽ ഇതേ ആശയം നിലവിലുള്ളത് എങ്ങനെയാണ്?**

എലൻ വൈറ്റ് ഇങ്ങനെ വിശദമാക്കുന്നു: "അവന്റെ വിശുദ്ധനിയമത്തിന്റെ ചട്ടങ്ങളിൽ ദൈവേഷ്ടം വെളിപ്പെട്ടിരിക്കുകയും ഈ നിയമത്തിന്റെ തത്വങ്ങൾ സ്വർഗ്ഗത്തിന്റെ തത്വങ്ങളുമാണ്. ദൈവേഷ്ടം അറിയുന്നതിനെക്കാളും ഉന്നതമായ പരിജ്ഞാനം സ്വർഗ്ഗീയ മാലാഖമാർ പ്രാപിക്കുന്നില്ല. അവർക്ക് ഏർപ്പെട്ടിരിക്കുവാൻ കഴിയുന്ന അവരുടെ പ്രഭാവശക്തി അവന്റെ ഇഷ്ടം ചെയ്യുന്ന ഉന്നതസേവനമാണ്" Thoughts from the Mount of Blessing, p - 109.

സ്വർഗ്ഗം, ഭൂമി – ഇതൊരു വിഷയമല്ല: ദൈവത്തിനു സാന്മാർഗ്ഗിയജീവികളുണ്ടെങ്കിൽ അവരെ നയിക്കുന്നതിന് ഒരു സാന്മാർഗ്ഗിയനിയമം അവനുണ്ടായിരിക്കും. സ്വർഗ്ഗത്തിലായിരുന്നാലും ഭൂമിയിലായിരുന്നാലും ആ നിയമത്തിന്റെ ലംഘനമാണ് പാപം.

**സാന്മാർഗ്ഗിയജീവികൾ എന്ന ആശയത്തിൽനിന്നും സാന്മാർഗ്ഗിയനിയമം എന്ന ആശയം അഭേദ്യമായിരിക്കുന്നത് എന്തുകൊണ്ട്? ആ നിയമം കൂടാതെ, സാന്മാർഗ്ഗിയം എന്ത് എന്നും സാന്മാർഗ്ഗിയം അല്ലാത്തത് എന്ത് എന്നും നിർവ്വചിക്കുന്നത് എന്താണ്?**

## ന്യായപ്രമാണം ആവർത്തനപുസ്തകത്തിൽ

കനാൻദേശത്തിന്റെ അതിർത്തിയിൽ എത്തിച്ചേർന്ന എബ്രായജനം, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം, അവസാനം ദൈവം അവർക്കു വാഗ്ദത്തം ചെയ്തിരുന്ന ദേശം അവകാശമാക്കുവാൻ സമയമായി. നാം കണ്ടുകഴിഞ്ഞതുപോലെ, അവർ ദേശം അവകാശമാക്കുന്നതിനുമുമ്പ് എബ്രായർക്കു കൊടുത്ത മോശെയുടെ അവസാന നിർദ്ദേശങ്ങളാണ് ആവർത്തനപുസ്തകം. ആ നിർദ്ദേശങ്ങൾക്കിടയിൽ അവർ അനുസരിക്കേണ്ടതിനുള്ള കല്പനകൾ ഉണ്ടായിരുന്നു.

**താഴെ കാണുന്ന വാക്യങ്ങൾ വായിക്കുക: എന്തു വിഷയമാണ് ഇവിടെ ആവർത്തിച്ചാവർത്തിച്ച് പ്രകടമാക്കിയിരിക്കുന്നത്. ദൈവജനത്തിന് ഈ വിഷയം അത്ര പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്? (ആവ. 4:44; 17:19; 28:58; 30:10; 31:12; 32:46; 33:2).**

ആവർത്തനപുസ്തകത്തിന്റെ ഏറ്റവും ദ്രുതഗതിയിലുള്ള വായനപോലും യിസ്രായേൽജനത്തിന് കല്പനയോടുള്ള അനുസരണം എത്ര നിർണ്ണായകമായിരുന്നു എന്നു കാണിക്കുന്നു. ഒരു യഥാർത്ഥ അർത്ഥത്തിൽ, ഇത് അവരുടെ ഉടമ്പടി ബാദ്ധ്യതകളായിരുന്നു. ദൈവം അവർക്ക് അത്രമാത്രം ചെയ്തുകൊടുത്തു. തുടർന്ന് അവർക്കുവേണ്ടി അധികം ചെയ്തുകൊടുക്കും – അവർക്കുതന്നെ ചെയ്യുവാൻ കഴിയാത്തവയ്ക്കും പ്രാരംഭത്തിൽ അവർ അർഹിക്കാതിരുന്നവയ്ക്കും (അതായത് കൃപ എന്നാൽ എന്താണ് എന്നത്, നാം അർഹിക്കാത്തത് ദൈവം നമുക്കു തരുന്നു) മറുപടിയായി അവൻ ചോദിക്കുന്നത് അവന്റെ കല്പനയോടുള്ള അനുസരണമാണ്.

ഇപ്പോഴും ഇതു വ്യത്യസ്തമല്ല. ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ ദൈവത്തിന്റെ കൃപ നമ്മെ രക്ഷിക്കുന്നു. "അങ്ങനെ മനുഷ്യൻ... നീതീകരിക്കപ്പെടുന്നു" (റോമർ 3:28). ന്യായാപ്രമാണത്തോടുള്ള അനുസരണമാണ് നമ്മുടെ പ്രതികരണം. നാം ന്യായപ്രമാണം അനുസരിക്കുന്നുണ്ടെങ്കിലും, അതിനാൽ രക്ഷിക്കപ്പെടുന്നതിനുള്ള ഒരു വൃഥായുള്ള ശ്രമമല്ല. "അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ... പരിജ്ഞാനമത്രേ വരുന്നത്" (റോമർ 3:20). എന്നാൽ നമുക്ക് അത്ര കാരുണ്യപൂർവ്വം നല്കപ്പെട്ടിരിക്കുന്ന രക്ഷയുടെ ഫലമെന്നവിധം "നിങ്ങൾ എന്നെ സ്നേഹിക്കുന്നു... കാത്തുകൊള്ളും" (യോഹ. 14:15).

കൃപയും ന്യായപ്രമാണവും എന്ന വിഷയത്തിൽ ഒരു വലിയ ദൃഷ്ടാന്തപാഠമെന്നവിധം ആവർത്തനപുസ്തകത്തെ കാണുവാൻകഴിയും. നമുക്കുതന്നെ ചെയ്യുവാൻകഴിയാത്തത് നമുക്കുവേണ്ടി ചെയ്തുകൊണ്ട്, ദൈവം നമ്മെ അവന്റെ കൃപയാൽ വീണ്ടെടുക്കുന്നു (മിസ്രയീമിൽനിന്നും യിസ്രായേലിനുതന്നെ രക്ഷപെടുവാൻ കഴിയാത്തതിനപ്പുറം). അതിനു പ്രത്യുപകാരമായി, നാം വിശ്വാസത്താൽ അവനോടും അവന്റെ ന്യായപ്രമാണത്തോടും അനുസരണമുള്ള ഒരു ജീവിതം നയിക്കുന്നു. ആദാമിന്റെ വീഴ്ചമുതൽ കഷ്ടകാലംവരെയും മൃഗത്തിന്റെ മുദ്രവരെയും ജീവിച്ചിരിക്കുന്നവരെ ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന ഒരു ജനം എന്നു വിശേഷിപ്പിച്ചിരിക്കുന്നു (വെളി. 14:12). അവന്റെ ഉടമ്പടിജനവുമായുള്ള ബന്ധം കല്പനയുടേതും കൃപയുടേതുമാണ്. അവന്റെ കല്പന ലംഘിച്ചതുകാരണം ദൈവത്തിന്റെ കൃപ നമ്മോടു ക്ഷമിക്കുന്നു. ദൈവത്തിന്റെ കൃപ നമ്മെ അവന്റെ കല്പന അനുസരിക്കുന്നതിന് പ്രാപ്തരാക്കുന്നു. അതാണ് അവനുമായുള്ള നമ്മുടെ ഉടമ്പടിബന്ധത്തിൽനിന്നും ഉയർന്നുവരുന്ന ഒരു അനുസരണം.

## L$^{e}$ tov Lak (നിന്റെ നന്മയ്ക്കായി)

ബൈബിൾ തള്ളിക്കളയുന്നതിന് കാരണങ്ങൾ നോക്കിയിരിക്കുന്ന അവിശ്വാസികൾ, പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവത്തിന്റെ ചില കട്ടിയുള്ള വാക്കുകൾക്കുവേണ്ടി പലപ്പോഴും കാത്തിരിക്കുന്നു. പ്രത്യേകിച്ച് യേശുവുമായി താരതമ്യപ്പെടുത്തുമ്പോൾ, പഴയനിയമത്തിലെ ദൈവം കർക്കശക്കാരനും പകെയുള്ളവനും അധമാവേശമുള്ളവനുമാണെന്നതാണ് ആശയം. ഇതൊരു പുതിയ വാദഗതിയല്ല. എന്നാൽ ഇത് അനേക നൂറ്റാണ്ടുകൾക്കുമുമ്പ് ആദ്യം ആരംഭിച്ചപ്പോഴുള്ളതുപോലെ അപര്യാപ്തമാണ്. പുരാതന യിസ്രായേൽജനത്തെ സ്നേഹിക്കുന്നവനും അവർക്കു നന്മമാത്രം ആഗ്രഹിക്കുന്നവനുമായിട്ട് പഴയനിയമം ദൈവത്തെ ആവർത്തിച്ചു പ്രദാനം ചെയ്യുന്നു. ഈ സ്നേഹം ശക്തമാംവിധം ആവർത്തനപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നു.

**വായിക്കുക: ആവ. 10:1–5. ഈ വാക്യങ്ങളുടെ തൽക്ഷണമായ പശ്ചാത്തലമെന്താണ്. അവരുടെ പാപത്തിനുശേഷവും ദൈവത്തിന് അവന്റെ ജനത്തോട് എങ്ങനെ അനുകമ്പതോന്നി എന്നതിനെപ്പറ്റി ഈ വാക്യങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു? അവ വാസ്തവത്തിൽ കൃപയെ സംബന്ധിച്ച് നമ്മെ എന്തു പഠിപ്പിക്കുന്നു?**

ഈ വാക്യങ്ങളിൽനിന്നും യിസ്രായേലിനുവേണ്ടിയുള്ള ദൈവത്തിന്റെ കൃപയും സ്നേഹവും പൊട്ടിയൊലിക്കുന്നു. പ്രത്യേകിച്ച്. 12, 13 എന്നീ വാക്യങ്ങൾ ശ്രദ്ധിക്കുക. അവ വാസ്തവത്തിൽ ഒരു നീണ്ട വാക്യവും ഒരു ചോദ്യവുമാണ്. ആ ചോദ്യം ലളിതവുമാണ്: *ഞാൻ എന്താണ്, താഴെ കാണുന്നവ ചെയ്യുന്നതിന് ദൈവം നിങ്ങളോട് ആവശ്യപ്പെടുന്നു... എന്റെ വഴികളിൽ നടക്കുക, എന്നെ സ്നേഹിക്കുക, എന്നെ സേവിക്കുക, നിങ്ങളുടെ സ്വന്തം നന്മയ്ക്ക് എന്റെ ചട്ടങ്ങൾ പ്രമാണിക്കുക?*

എബ്രായ ഭാഷയിലുടനീളം ഈ വാക്യത്തിൽ "നിങ്ങൾ", "നീ" എന്നീ വാക്കുകൾ ഏകവചനത്തിലാണ്. തീർച്ചയായും ദൈവം മൊത്തത്തിൽ ഒരു ജനമെന്നവിധം സംസാരിക്കുന്നെങ്കിലും അവയെ ഓരോരുത്തരും വ്യക്തിയായി അനുസരിക്കുന്നില്ലെങ്കിൽ അവന്റെ വാക്കുകൾ ഈ ജനത്തിന് എന്തു നന്മയാണ് ചെയ്യുക? മൊത്തം എന്നത് ഭാഗങ്ങളുടെ ആകെത്തുകയാണ്. യിസ്രായേൽ ഒരു ജനതയെന്നവിധം ദൈവം ഓരോരുത്തരോടു വ്യക്തിപരമായി സംസാരിക്കുകയായിരുന്നു.

അതുപോലെതന്നെ 13–ാം വാക്യത്തിന്റെ അവസാനം നമുക്കു മറക്കുവാൻ കഴിയുകയില്ല: "നിന്റെ നന്മയ്ക്കായി" ഇവ പ്രമാണിക്ക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അനുസരിക്കുവാൻതക്കവണ്ണം ദൈവം ജനത്തോട് ആജ്ഞാപിക്കുകയാണ്. കാരണം അങ്ങനെ ചെയ്യുന്നത് അവരുടെ ഏറ്റവും നല്ല താല്പര്യമാണ്. ദൈവമവരെ ഉണ്ടാക്കി, ദൈവമവരെ പരിപാലിക്കുന്നു. അവർക്ക് നല്ലതെന്തെന്ന് അവനറിയാം. അവരുടെ നന്മയാണ് അവൻ ആഗ്രഹിക്കുന്നത്. കല്പനയോടും നിയമങ്ങളോടുമുള്ള അവരുടെ അനുസരണം അവരുടെ പ്രയോജനത്തിനുവേണ്ടി മാത്രമേ പ്രവർത്തിക്കുകയുള്ളൂ.

കല്പന പലപ്പോഴും ഒരു വേലിയോടും ഒരു സംരക്ഷണഭിത്തിയോടുമാണ് താരതമ്യപ്പെട്ടിരിക്കുന്നു. ആ വേലിക്കുള്ളിൽ ആയിരിക്കുന്നതിലൂടെ തിന്മയുടെ ഒരു ചങ്ങാ

ടത്തിൽനിന്നും അവന്റെ അനുയായികൾ സംരക്ഷിക്കപ്പെടുന്നു. അല്ലായിരുന്നെങ്കിൽ അതു കടന്നുപിടിച്ച് അവരെ രക്ഷിക്കുമായിരുന്നു. ചുരുക്കത്തിൽ, അവന്റെ ജനത്തോടുള്ള സ്നേഹത്തിൽ, ദൈവമവർക്ക് അവന്റെ കല്പന കൊടുത്തു. അവന്റെ കല്പനയോടുള്ള അനുസരണം "നിന്റെ നന്മയ്ക്ക്" എന്ന് അവൻ പറയുന്നു.

**കല്പനയോടുള്ള അനുസരണം വാസ്തവത്തിൽ "നമ്മുടെ സ്വന്തം നന്മയ്ക്കായിട്ട്" എങ്ങനെ പരിണമിക്കുന്നു എന്ന് നമുക്കുവേണ്ടിത്തന്നെ കാണുവാൻ കഴിയുന്ന വഴികൾ ഏതെല്ലാമാണ്?**

## മിസ്രയീമിൽ ഒരു അടിമ

മിസ്രയീം ദേശത്തുനിന്ന് ദൈവം തന്റെ ജനമായ യിസ്രായേലിനെ വിടുവിക്കുന്ന ഒരു വിഷയം ആവർത്തനത്തിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നു. ദൈവം അവർക്കു വേണ്ടി ചെയ്തത് ആവർത്തിച്ചാവർത്തിച്ച് അവരെ ഓർമ്മിപ്പിക്കുന്നു: "യഹോവ ബലമുള്ള കയ്യാലും... മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ചു" (ആവ. 26:8; 16:1–6).

വാസ്തവത്തിൽ, മിസ്രയീമിന്റെ അടിമത്വത്തിലും അടിച്ചമർത്തലിലുംനിന്നുള്ള ദൈവത്തിന്റെ കൃപായുള്ള തന്റെ ശക്തമായ വീണ്ടെടുപ്പിന്റെ ഒരുദാഹരണമെന്ന വിധം പുറപ്പാടിന്റെ കഥ പഴയനിയമത്തിലുടനീളം കാണപ്പെടുന്നു. "ഞാൻ നിന്നെ... വീണ്ടെടുത്തു" (മീഖാ. 6:4).

ക്രിസ്തുവിങ്കലുള്ള വിശ്വാസത്താലുള്ള രക്ഷയുടെ ഒരു പ്രതീകമായ, ദൈവത്തിന്റെ മഹാശക്തിയാലുള്ള മിസ്രയീമിലെ പുറപ്പാടോടുകൂടിയ ഈ ആശയം പുതിയനിയമത്തിൽപോലും പ്രത്യക്ഷപ്പെടുന്നു: "വിശ്വാസത്താൽ അവർ... നോക്കിയിട്ട് മുങ്ങിപ്പോയി" (എബ്രായർ 11:29; 1 കൊരി. 10:1–4).

**വായിക്കുക: ആവ. 5:6–22. യഹോവയുമായുള്ള അവരുടെ ഉടമ്പടിയുടെ ഉഭയസമ്മത അടിസ്ഥാനമായ പത്തു കല്പനയായ ന്യായപ്രമാണം ഇവിടെ മോശെ ആവർത്തിക്കുന്നു. നാലാം കല്പനയും അത് ഇവിടെ കൊടുത്തതിന്റെ കാരണവും ശ്രദ്ധിക്കുക. ന്യായപ്രമാണത്തിന്റെയും കൃപയുടെയും യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്ന എന്താണ് ഇവിടെ പറയപ്പെട്ടിരിക്കുന്നത്?**

ഏഴാംദിന ശബ്ബത്തിൽ വിശ്രമിക്കുന്നതിനുള്ള അടിസ്ഥാന കല്പന മോശെ ആവർത്തിക്കുന്നു. എന്നാലും ഇതിന് താൻ ഒരു കൂട്ടിച്ചേർത്ത ഊന്നൽ കൊടുക്കുന്നു. അതായത്, പുറപ്പാടിൽ അത് കല്ലിൽ എഴുതപ്പെട്ടെങ്കിലും ഇവിടെ നല്കപ്പെട്ടു കഴിഞ്ഞതിനെ മോശെ വിപുലമാക്കുന്നു. ശബ്ബത്ത് അനുസരിക്കുക, അത് സൃഷ്ടിപ്പിന്റെ ഒരു സ്മാരകമായിട്ടു മാത്രമല്ല, എന്നാൽ മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പിന്റെ ഒരു അടയാളമായിട്ടുകൂടെയാണ്. ദൈവകൃപ അവരെ മിസ്രയീമിൽനിന്നു രക്ഷിക്കുകയും അവരുടെ വേലകളിൽനിന്നു വിശ്രമം കൊടുക്കുകയും ചെയ്തു (എബ്രാ. 4:1–5). ഇപ്പോൾ, ദൈവം അവർക്കു കൊടുത്ത കൃപയ്ക്കു പ്രത്യുപകാരമായി അവർ ആ കൃപ മറ്റുള്ളവരിലേക്കു നീട്ടുകകൂടി ചെയ്യണം.

ഈ വിഷയത്തിൽ, ഇപ്പോൾ ഏഴാംദിന ശബ്ബത്ത് വെറുതേ സൃഷ്ടിപ്പിന്റെ ഒരു ശക്തമായ പ്രതീകമായിരിക്കുക മാത്രമല്ല, എന്നാൽ വീണ്ടെടുപ്പിന്റെയും കൃപയുടെയും ഒരു ശക്തമായ പ്രതീകവും കൂടിയാണ്. ഭവനത്തിലെ കുഞ്ഞുങ്ങൾ മാത്രമല്ല, എന്നാൽ വേലക്കാരും മൃഗങ്ങളും അവരുടെയിടയിലുള്ള പരദേശികളും അങ്ങനെ എല്ലാവരും വിശ്രമിക്കണം. യെഹൂദന്മാർക്കു കൊടുത്ത കൃപയെ മറ്റുള്ളവർക്കുംകൂടെ നീട്ടുന്നു. അത് ഉടമ്പടിജനത്തിനു പുറമെയുള്ളവർക്കുപോലും നീട്ടുന്നു. ഇത് ദൈവകല്പനയുടെ ഹൃദയഭാഗത്ത് കാണപ്പെടുന്നു. ദൈവം അവർക്കു വേണ്ടി കരുണയോടുകൂടി ചെയ്തതിനെ അവർ മറ്റുള്ളവർക്കുവേണ്ടി ചെയ്യണം. ഇത് അത്ര ലളിതമാണ്.

**വായിക്കുക: മത്തായി 18:21–35. പ്രത്യേകിച്ച്, ആവർത്തനപുസ്തകത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നതുപോലെ, ഈ ഉപമയിലെ തത്വം ഏതുവിധത്തിലാണ് ശബ്ബത്ത് കല്പനയിൽ വെളിപ്പെടുത്തിയിരിക്കുന്നത്?**

## നിങ്ങളുടെ നീതിക്കുവേണ്ടിയല്ല

വിശ്വാസത്താൽ മാത്രമുള്ള നീതീകരണം എന്ന മഹാവിഷയം വാസ്തവത്തിൽ ക്രിസ്തീയമതത്തിന്റെയും ബൈബിൾ സംബന്ധമായ എല്ലാ മതങ്ങളുടെയും പ്രധാനവിഷയമാണ്. "തിരുവെഴുത്ത് എന്തുപറയുന്നു? അബ്രാഹാം ദൈവത്തെ വിശ്വസിച്ചു; അത് അവന് നീതിയായി കണക്കിട്ടു" (റോമർ 4:3).

എലൻ വൈറ്റ് ഇത് ഇപ്രകാരം പ്രകടമാക്കുന്നു: "എന്താണ് വിശ്വാസത്താലുള്ള നീതീകരണം? പൊടിയിൽ മനുഷ്യനു മഹത്വമണിഞ്ഞതും മനുഷ്യന് സ്വയമേ തന്റെ ശക്തിയാൽ ചെയ്യുവാൻ കഴിയാത്തത് ചെയ്തതും ദൈവത്തിന്റെ വേലയാണ്. മനുഷ്യർ അവരുടെതന്നെ ഒന്നുമില്ലായ്മ കാണുമ്പോൾ, അവർ ക്രിസ്തുവിന്റെ നീതി ധരിപ്പാൻ ഒരുക്കപ്പെട്ടവരാകുന്നു" – Ellen G. White, The Faith I live by, p. 109.

ദൈവം ആരാകുന്നു, അവൻ എത്ര പരിശുദ്ധനാകുന്നു എന്നതിനെ, നാം ആരാകുന്നു, നാമെത്ര അശുദ്ധരാകുന്നു എന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ, നമ്മെ രക്ഷിപ്പാൻ കൃപയുടെ ഒരു വിസ്മയമാർന്ന പ്രവൃത്തി ആവശ്യമായിവരുന്നു എന്നതിൽ ചോദ്യവുമില്ല. അവൻ അതു ചെയ്തു: കൃപയുടെ ആ വേല ക്രൂശിൽ നടന്നു. ക്രിസ്തു – ആ നിരപരാധി പാപിക്കുവേണ്ടി ക്രൂശിൽ മരിച്ചു.

**ഈ പശ്ചാത്തലം മനസ്സിൽവച്ചുകൊണ്ട് ആവ. 9:1–6 വായിക്കുക. അയോഗ്യരായവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ കൃപയുടെ യാഥാർത്ഥ്യം ഒരു നാടകീയമാം വിധം വെളിപ്പെടുത്തുന്നതിനെക്കുറിച്ച് ഇവിടെ മോശെ ജനത്തോടു പറയുന്നതെന്താണ്?**

അപ്പൊസ്തലനായ പൗലൊസ് സുവിശേഷം പഠിപ്പിക്കുന്നതിനെ ഒരുവൻ ഒരു ഗുളികരൂപത്തിലാക്കുകയാണെങ്കിൽ, ഒരുപക്ഷേ ഇത് ആവ. 9:5 ൽനിന്നുമുള്ള പദപ്രയോഗത്തിൽ കണ്ടെത്തിയേക്കാം. "ദൈവം നമ്മെ രക്ഷിക്കുവാൻ പോകുന്നത് നിങ്ങളുടെ നീതികൊണ്ടോ അല്ലെങ്കിൽ നിങ്ങളുടെ ഹൃദയപരമാർത്ഥതകൊണ്ടോ അല്ല. പകരം, അവൻ ഇതു ചെയ്യുവാൻ പോകുന്നത് "നിത്യസുവിശേഷത്തിന്റെ വാഗ്ദത്തം" (വെളി. 14:6) കാരണമാണ്. നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകല കാലത്തിനുംമുമ്പേ ക്രിസ്തുയേശുവിൽ നമുക്കു നല്കിയിരിക്കുന്നതു"മൂലമാണ് (2 തിമൊ. 1:9; തീത്തൊ. 1:2 കൂടെ വായിക്കുക). "സകല കാലത്തിനും മുമ്പേ" നമുക്കു വാഗ്ദത്തം നൽകപ്പെട്ടിരിക്കുന്നതെങ്കിൽ, ഇതു തീർച്ചയായും നമ്മുടെ പ്രവൃത്തികൾക്കുമുമ്പിൽ ആയിരിക്കുവാൻ സാധ്യതയില്ല, കാരണം "സകല കാലത്തിനുംമുമ്പേ" നാം നിലനിൽക്കുകപോലും ചെയ്തില്ല, അങ്ങനെ പ്രവൃത്തികൾ ഇല്ലായിരുന്നു.

ചുരുക്കത്തിൽ, നിങ്ങളുടെ കുറ്റങ്ങളും പിഴവുകളും ശാഠ്യങ്ങളുമൊക്കെയുണ്ടെങ്കിലും, നിങ്ങൾക്കുവേണ്ടിയും നിങ്ങളിലും ദൈവം ഈ അത്ഭുതപ്രവൃത്തി ചെയ്യുവാൻ പോകുന്നു. അങ്ങനെ, ഒരു ഫലമെന്നവിധം, ദൈവം അവനെയും അവന്റെ കല്പനയെയും അനുസരിക്കുവാൻ നിങ്ങളോടു കല്പിക്കുന്നു. വാഗ്ദത്തം നല്കപ്പെട്ടുകഴിഞ്ഞു: നിങ്ങളുടെ പ്രവൃത്തികൾ, നിങ്ങളുടെ അനുസരണം, അവ നല്ലതായിരുന്നാലും (അവ അങ്ങനെയല്ല), രക്ഷയ്ക്കുപാധിയല്ല. പകരം, അവ ഫലങ്ങളാണ്.

ദൈവം നിങ്ങളെ കൃപയാൽ രക്ഷിച്ചു; ഇപ്പോൾ, അവന്റെ കല്പന നിങ്ങളുടെ ഹൃദയങ്ങളിൽ എഴുതുകയും അവന്റെ ആത്മാവ് അധികാരപ്പെടുത്തുകയും ചെയ്തതുകൊണ്ട് പോയി അവന്റെ കല്പന അനുസരിക്കുക.

## കൂടുതൽ പഠനത്തിന്:

“സ്വർഗ്ഗത്തിൽ ദൈവത്തിന്റെ കല്പനയ്ക്കെതിരേ മത്സരിച്ച ക്രിസ്തുവിന്റെ ശത്രു, വിദഗ്ദ്ധനും പരിശീലനം സിദ്ധിച്ച സേനാധിപതിയുമെന്ന നിലയിൽ, യഥാർത്ഥത്തിൽ പാപം കണ്ടെത്തുന്നതും നീതിയുടെ മാനദണ്ഡവുമായ ദൈവത്തിന്റെ കല്പനയെ ഏതുമല്ലാത്തതാക്കിത്തീർക്കുന്നതിന് പൂർണ്ണവഞ്ചനയോടുകൂടി ഒന്നിനുപുറകെ ഒന്നായി കൊണ്ടുവന്നുകൊണ്ട് അവന്റെ സർവ്വശക്തിയുമുപയോഗിച്ച് പ്രവർത്തിച്ചു” Ellen G. White, Review and Herald, November 18, 1890.

രണ്ടുലക്ഷം കോടി നക്ഷത്രസമൂഹങ്ങൾ ഈ പ്രപഞ്ചത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ നക്ഷത്രസമൂഹത്തിലും ഒരുലക്ഷം കോടി നക്ഷത്രങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. അതായത് 100,000,000,000 നക്ഷത്രങ്ങൾ. ഒരു ലക്ഷം കോടി നക്ഷത്രങ്ങൾ ഉൾപ്പെടുന്ന രണ്ടുലക്ഷം കോടി നക്ഷത്ര സമൂഹങ്ങളിൽ 200,000,000,000,000,000,000,000 നക്ഷത്രങ്ങൾ ഉണ്ട്!

ഇപ്പോൾ, ഇത് അസ്തിത്വത്തിന്റെ ഒരു തത്വമാണ്: എന്തു രൂപം കൊടുക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നുവോ അത് രൂപം കൊടുക്കപ്പെടുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തതിനെക്കാളും ശ്രേഷ്ഠവും വിശിഷ്ടവുമായിരിക്കും. പിക്കാസ്സോ അച്ചടിച്ച പുസ്തകത്തിൽ ചേർക്കുന്ന തന്റെ ചിത്രങ്ങളെക്കാളും ശ്രേഷ്ഠവും കവിഞ്ഞുപോകുന്നതുമാണ്. പ്രപഞ്ചത്തിനു രൂപം കൊടുക്കുകയും സൃഷ്ടിക്കുകയും ചെയ്ത ദൈവം പ്രപഞ്ചത്തെക്കാൾ ശ്രേഷ്ഠനും വിശിഷ്ടനും ആയിരിക്കണം.

ഇതു മനസ്സിൽവെച്ചുകൊണ്ട് താഴെക്കാണുന്ന വാക്യത്തെപ്പറ്റി ചിന്തിക്കുക: “ആദിയിൽ വചനം ഉണ്ടായിരുന്നു... ഉളവായതല്ല” (യോഹ. 1:1–3). അതായത് സൃഷ്ടിക്കപ്പെട്ടവയെല്ലാം സൃഷ്ടിച്ച ദൈവം 200,000,000,000,000,000,000,000 നക്ഷത്രങ്ങളും മറ്റെല്ലാമും സൃഷ്ടിച്ചവൻ “ചുരുങ്ങി” ഒരു മനുഷ്യശിശുവായി പാപരഹിതമായ ഒരു ജീവിതം നയിച്ചു, നമുക്കു നിത്യജീവന്റെ വാഗ്ദത്തമുണ്ടാകത്തക്കവിധം അവൻ നമ്മുടെ പാപങ്ങളുടെയും തിന്മയുടെയും ശിക്ഷ തന്റെമേൽ വസിക്കുകയും കാൽവറിക്രൂശിൽ മരിക്കുകയും ചെയ്തു.

നമ്മുടെ മുമ്പിൽ ഈ മഹൽസത്യം ഉണ്ട്: ക്രൂശിലൂടെ ക്രിസ്തുയേശുവിൽ നൽകപ്പെട്ട കൃപ. പ്രത്യുത്തരമായി ദൈവം നമ്മോടു ചോദിക്കുന്നത്? “എല്ലാറ്റിന്റെയും സാരം കേൾക്കുക... വേണ്ടുന്നത്” (സഭാ. 12:13).

## ചർച്ചാചോദ്യങ്ങൾ

1. പത്തു കല്പനയായ ദൈവത്തിന്റെ ന്യായപ്രമാണം (ശബ്ബത്ത് ഉൾപ്പെടെ) അനുസരിക്കുന്നു എന്നു വിശ്വസിക്കുന്ന ജനത്തിന് നിയമസിദ്ധാന്തം എന്ന നിഗൂഢ കെണി എങ്ങനെ ഒഴിവാക്കുവാൻ കഴിയുമെന്നതിനെപ്പറ്റിയുള്ള തിങ്കളാഴ്ചത്തെ പാഠത്തിലെ ചോദ്യം ക്ലാസ്സിൽ ചർച്ച ചെയ്യുക. അനുസരണം കർക്കശവും പതറാത്തതുമായ അനുസരണംപോലും എങ്ങനെയാണ് നിയമസിദ്ധാന്തത്തിൽനിന്നും വ്യത്യസ്തമായിരിക്കുന്നത്, രണ്ടും തമ്മിലുള്ള വ്യത്യാസം നമുക്കെങ്ങനെ അറിയാം?
2. പത്ത് കല്പന ലംഘിച്ചതിന്റെ ഭയാനകമായ അനന്തരഫലം അനുഭവിച്ചവരെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുള്ള (അല്ലെങ്കിൽ നേരിട്ടറിയുന്നത്) ചില കഥകൾ ഏതൊക്കെയാണ്? നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ യാഥാർത്ഥ്യം കല്പന പ്രതിഫലിപ്പിക്കുന്നതിനെപ്പറ്റി ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?

3. സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ വഴി നേടിയെടുക്കുന്നതിന് ശ്രമിക്കുന്നതിന്റെ ഫല ശൂന്യതയെ കുരിശ് എന്തു കൊണ്ട് നമ്മെ കാണിക്കണം?